# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് അറുപത്താറ്

## ജീവപ്രമാണമനുസരിച്ച് ജീവിക്കുന്നതും അഭിഷേകമനുസരിച്ച് നീങ്ങുന്നതും

Tue ദൈവത്തിന്റെ നിത്യോദ്ദേശ്യം അനേകം പുത്രന്മാരുണ്ടായിരിക്കുന്നതും ഈ അനേകം പുത്രന്മാരെ അവനെപ്പോലെയാക്കുന്നതുമാണെന്ന് വേദപുസ്തകം വെളിപ്പെടുത്തുന്നു. ദൈവം ദിവ്യനും നാം മനുഷ്യനുമായതിനാൽ, ജീവനിലും സ്വഭാവത്തിലും അവനെപ്പോലെയായിത്തീർന്നുകൊണ്ട്, നമുക്കെങ്ങനെ ദൈവത്തിന്റെ ദിവ്യ പുത്രന്മാരായിത്തീരുവാൻ കഴിയും? അനേകം പുത്രന്മാർ ഉണ്ടാകേണ്ടതിന് ഒന്നാമതായി ദൈവം പുത്രനിൽ ജഢാവതാരത്തിന്റെ പടിയെടുത്തു. ജഢാവതാരത്താൽ, അവൻ മനുഷ്യസ്വഭാവം ധരിച്ചു. ജഢാവതാരത്തിനുമുമ്പ് അവന് ദിവ്യത്വം മാത്രമേ ഉണ്ടായിരുന്നുള്ളൂ, മനുഷ്യത്വം ഉണ്ടായിരുന്നില്ല. എന്നാൽ ജഢാവതാരം ചെയ്യതിലൂടെ അവൻ മനുഷ്യസ്വഭാവം ധരിക്കുകയും ഒരു മനുഷ്യനായിത്തീരുകയും ചെയ്തു. അവൻ ഒരു മനുഷ്യനായിത്തീർന്നുവെങ്കിലും, അവൻ അപ്പോഴും ദൈവംതന്നെയായിരുന്നു, കാരണം ഒരു മനുഷ്യനായിത്തീരുന്നതിന് തന്റെ ദിവ്യത്വത്തെ അവൻ ഉരിഞ്ഞുകളഞ്ഞില്ല. അവൻ ദിവ്യത്വവും മനുഷ്യത്വവുമുള്ള ദൈവ-മനുഷ്യനായിരുന്നു. നമ്മുടെ ദൈവം, നിസ്സുലനായ ദൈവം, സ്രഷ്ടാവ് മാംസവും രക്തവുമുള്ള ഒരു മനുഷ്യനായിത്തീർന്നുവെന്നത് എത്ര അത്ഭുതകരമാണ്! മനുഷ്യ പ്രകൃതത്തെ സംബന്ധിച്ചിടത്തോളം, അവൻ നമ്മെപ്പോലെ തന്നെയായിത്തീർന്നു. അവൻ മാംസവും അസ്ഥികളുമുള്ള ഒരു യഥാർഥ മനുഷ്യനായിരുന്നു. യേശുക്രിസ്തു എന്നു പേരുള്ള ഈ യഥാർഥ മനുഷ്യൻ ദൈവവും ആയിരുന്നുവെന്ന് ഒരിക്കലും മറക്കരുത്. അവൻ സാക്ഷാൽ ദൈവവും യഥാർഥ മനുഷ്യനുമായിരുന്നു. നമ്മെ അവനെപ്പോലെയാക്കുന്നതിനുമുമ്പ് അവൻ നമ്മെപ്പോലെയായിത്തീരണമായിരുന്നു.

## ഉയിർത്തെഴുന്നേറ്റവനും ഉൾവസിക്കുന്നവനുമായ ക്രിസ്തുവിന്റെ മർമം

മനുഷ്യപ്രകൃതത്തോടുകൂടെ ജഡത്തിൽ ഒരു മനുഷ്യനായിത്തീർന്നശേഷം ക്രിസ്തു ക്രൂശിക്കപ്പെടുകയും അടക്കപ്പെടുകയും ഉയിർപ്പിക്കപ്പെടുകയും ചെയ്തു. പുനരുത്ഥാനത്തിൽ അവൻ മറ്റൊരു പടിയെടുത്തു: ഒടുക്കത്തെ ആദാമെന്ന നിലയിൽ അവൻ ജീവൻ-നല്കുന്ന ആത്മാവായിത്തീർന്നു (1 കൊരി. 15:45). ഇത് മാർമികമാണ്. അവന്റെ പുനരുത്ഥാനദിവസം കർത്താവ് തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷനായി. "യെഹൂദന്മാരെ ഭയന്നിട്ട് ശിഷ്യന്മാർ ആയിരുന്നിടത്ത് വാതിലുകൾ അടച്ചിരിക്കുമ്പോൾ, യേശു വന്ന് അവരുടെ മധ്യേ നിന്ന്, നിങ്ങൾക്ക് സമാധാനം എന്നു പറഞ്ഞു" (യോഹ. 20:19). വാതിലുകൾ മുറുക്കെ അടച്ചിരുന്നുവെങ്കിലും, ശിഷ്യന്മാരെ അത്ഭുതപ്പെടുത്തിക്കൊണ്ട് യേശു വന്നു. ശിഷ്യന്മാർ ഒരു ആത്മാവിനെ കാണുന്നു എന്നു ചിന്തിച്ച് ഭയപ്പെട്ടപ്പോൾ യേശു പറഞ്ഞു, "എന്റെ കൈകളും എന്റെ പാദങ്ങളും നോക്കുവിൻ, ഇത് ഞാൻ തന്നെ ആകുന്നു. എന്നെ തൊട്ടു നോക്കുവിൻ, നിങ്ങൾ എനിക്കുള്ളതായി കാണുന്നതുപോലെ ആത്മാവിന് മാംസവും അസ്ഥിയും ഇല്ലല്ലോ" (ലൂക്കൊ. 24:39). എട്ടു ദിവസങ്ങൾക്കുശേഷം തോമാസിനോടു സംസാരിക്കുമ്പോൾ കർത്താവു പറഞ്ഞു, "നിന്റെ വിരൽ ഇവിടെ കൊണ്ടുവന്ന് എന്റെ കൈകൾ കാണുക, നിന്റെ കൈയും കൊണ്ടുവന്ന് എന്റെ വിലാപ്പുറത്ത് ഇടുക; അവിശ്വസിക്കുന്നവൻ ആകാതെ, വിശ്വസിക്കുന്നവനാകുക. തോമാസ് അവനോട്, എന്റെ കർത്താവും എന്റെ ദൈവവുമേ! എന്ന് ഉത്തരം പറഞ്ഞു" (യോഹ. 20:27-28). കർത്താവ് ശിഷ്യന്മാരോട് ഇപ്രകാരം പറയുന്നതായി തോന്നുന്നു, "ഞാൻ ഒരു ആത്മാവാണെന്ന് ചിന്തിക്കരുത്. ഞാൻ മാംസവും അസ്ഥികളുമുള്ള ഒരു ശരീരത്തോടുകൂടെ ഇവിടെ നിൽക്കുന്നു. നോക്കൂ, എന്റെമേലുള്ള എന്റെ ക്രൂശുമരണത്തിന്റെ അടയാളങ്ങൾ ഇപ്പോഴുമുണ്ട്. എന്റെ കൈകാലുകളിലെ പാടുകളെ നിങ്ങൾക്ക് സ്പർശിക്കുവാൻപോലും കഴിയും."

കർത്താവ് ആത്മാവു മാത്രമായിരുന്നില്ല; ആണിപ്പാടുകൾ കാണാൻ കഴിയുന്ന മാംസവും അസ്ഥികളുമുള്ള ഒരു ശരീരത്തോടുകൂടെയുള്ള അത്ഭുതവാനായ ഒരുവനായിരുന്നു അവൻ. അത്ഭുതവാനായ ക്രിസ്തു ഇന്ന് ജീവൻ-നൽകുന്ന ആത്മാവാണ്; എങ്കിലും അവന് മാംസവും അസ്ഥികളുമുള്ള ഒരു ശരീരമുണ്ട്. കൂടാതെ, ഈ അത്ഭുതവാനായ ക്രിസ്തു നമ്മിലുണ്ടെന്നും (കൊലൊ. 1:27; 2 കൊരി. 13:5), അവൻ നമ്മുടെ ആത്മാവിലാണെന്നും (2 തിമൊ. 4:22; 1 കൊരി. 6:17) പുതിയനിയമം വെളിപ്പെടുത്തുന്നു. പുനരുത്ഥാനത്തിൽ ക്രിസ്തുവിന് ഇപ്പോഴും

മാംസവും അസ്ഥികളുമുള്ള ഒരു ശരീരമുണ്ട്, അവൻ നമ്മിലുമുണ്ട്. മാംസവും അസ്ഥികളുമുള്ളവനായി അവന് എങ്ങനെ നമ്മുടെ ഉള്ളിലായിരിക്കുവാൻ കഴിയുന്നു എന്നത് നമുക്ക് വിശദീകരിക്കുവാൻ കഴിയുകയില്ല. ഇത് നമ്മുടെ അറിവിനും അപ്പുറമാണ്. നമുക്കവനെ മനസ്സിലാക്കുവാൻ കഴിയില്ലെങ്കിലും, അവൻ യഥാർഥവാനും അത്ഭുതവാനുമാണ്.

പുതിയനിയമമനുസരിച്ച് ക്രിസ്തുവിന് രണ്ട് "ആയിത്തീരലുകൾ" ഉണ്ടായിരുന്നു. "വചനം ജഡമായിത്തീർന്നു" എന്ന് യോഹന്നാൻ 1:14-ഉം "ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവായിത്തീർന്നു" എന്ന് 1 കൊരിന്ത്യർ 15:45-ഉം പറയുന്നു. ഈ രണ്ട് ആയിത്തീരലുകളിലൂടെ ക്രിസ്തു അത്ഭുതവാനായ ഒരു വ്യക്തി യായിത്തീർന്നു. അവൻ ദൈവവും, മനുഷ്യനും, ജീവൻ-നൽകുന്ന ആത്മാവും ആണ്. ദൈവപുത്രനെന്ന നിലയിൽ അവൻ ഒരു മനുഷ്യനായിത്തീരുകയും, ഒരു മനുഷ്യനായിത്തീർന്നശേഷം അവൻ ദിവ്യത്വവും മനുഷ്യത്വവും അടങ്ങുന്ന ജീവൻ-നൽകുന്ന ആത്മാവായിത്തീരുകയും ചെയ്തു. അവനിൽ നാം യഥാർഥ ദൈവത്തെയും ശരിയായ മനുഷ്യനെയും കാണുന്നു. ഇന്ന് ഈ ദൈവ-മനുഷ്യൻ ജീവൻ-നൽകുന്ന ആത്മാവും ആണ്. അവൻ ആത്മാവല്ലായിരുന്നുവെങ്കിൽ, ശിഷ്യന്മാരെ സന്ധിക്കുവാനായി അടച്ചിരുന്ന മുറിയിലേക്ക് അവന് ഒരിക്കലും വരാൻ കഴിയുമായിരുന്നില്ല. എന്നിരുന്നാലും, അവന് അപ്പോഴും മാംസവും അസ്ഥികളുമുള്ള ഒരു ശരീരമുണ്ട്. ഞാൻ പരിമിതനായതുകൊണ്ട് എനിക്ക് ഇത് വിശദീകരിക്കുവാൻ കഴിയുകയില്ല, എന്നാൽ അവൻ എന്നിൽ ജീവിക്കുന്നുവെന്ന് ഞാൻ അറിയുന്നു; അവൻ എനിക്കുവേണ്ടി നിരവധി കാര്യങ്ങൾ ചെയ്തിരിക്കുന്നു എന്നത് എനിക്ക് നിഷേധിക്കുവാനും കഴിയുകയില്ല. ഇപ്പോഴും അവൻ എന്നിലും എനിക്കുവേണ്ടിയും ജീവിക്കുന്നു.

## ഉൾവസിക്കുന്ന ക്രിസ്തുവിന്റെ രണ്ടു പ്രകൃതങ്ങൾ

ജഡാവതാരത്തിൽ ദിവ്യത്വത്തെ മനുഷ്യത്വത്തിലേക്കു കൊണ്ടുവന്നുകൊണ്ട് ക്രിസ്തു നമ്മെപ്പോലെയായിത്തീർന്നശേഷം, ജീവൻ-നൽകുന്ന ആത്മാവായിത്തീർന്നതിലൂടെ അവൻ മനുഷ്യത്വത്തെ ദിവ്യത്വത്തിലേക്കു കൊണ്ടുവന്നു. ജഡാവതാരത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും അവൻ ദിവ്യത്വത്തെയും മനുഷ്യത്വത്തെയും, മനുഷ്യത്വത്തെയും ദിവ്യത്വത്തെയും ഒന്നായി ഇഴുകിച്ചേർത്തു. ഇതാണ് നമ്മുടെ കർത്താവായ യേശു ക്രിസ്തു. കർത്താവായ യേശുവിനെക്കുറിച്ച് അനേകം ക്രിസ്ത്യാനികൾക്കും ഈ ധാരണയില്ല. എന്നാൽ ഈ രക്ഷകനെയാണ് നാം അവനിൽ വിശ്വസിക്കുകയും അവന്റെ നാമത്തെ വിളിച്ചപേക്ഷിക്കുകയും ചെയ്യുമ്പോൾ നമ്മുടെ

ആളത്തത്തിലേക്ക് സ്വീകരിച്ചത്. നമ്മിൽ വസിക്കുന്നവനായ ക്രിസ്റ്റു ഇങ്ങനെയുള്ള അത്ഭുതവാനായ ഒരുവനാണ്. ഇപ്പോൾ അവൻ രക്ഷകനും കർത്താവും മാത്രമല്ല; അവൻ രണ്ടു പ്രകൃതങ്ങളുള്ള അത്ഭുതവാനായ ജീവൻ-നൽകുന്ന ആത്മാവും ആണ്. നമ്മിൽ വസിക്കുന്ന ക്രിസ്തുവിന് ദിവ്യത്വവും മനുഷ്യത്വവുമെന്ന രണ്ടു പ്രകൃതങ്ങൾ ഉണ്ടെന്നും, ഈ രണ്ടു പ്രകൃതങ്ങൾ ജീവൻ-നൽകുന്ന ആത്മാവിലുണ്ടെന്നും ഒരിക്കലും കേട്ടിട്ടില്ലാത്തതുകൊണ്ട് മിക്ക ക്രിസ്ത്യാനികൾക്കും ലക്ഷ്യം തെറ്റിയിരിക്കുന്നു. അത്ഭുതവാനായ ജീവൻ-നൽകുന്ന ആത്മാവെന്ന നിലയിൽ, നമ്മുടെ ആളത്തത്തെ അവന്റെ ആളത്തത്തോട് രൂപാന്തരപ്പെടുത്തിക്കൊണ്ട്, അവൻ ഇപ്പോൾ അവനായിരിക്കുന്ന സകലവും നമ്മുടെ ആളത്തത്തിലേക്ക് പണിതുചേർത്തുകൊണ്ടിരിക്കുന്നു.

Wed

## മതത്തിന് ലക്ഷ്യം തെറ്റിയിരിക്കുന്നു

അത്ഭുതങ്ങളോടും, ഉപദേശങ്ങളോടും, പെരുമാറ്റത്തോടുമുള്ള അതിന്റെ ആശങ്കയിൽ ക്രിസ്തുമതം ഈ ലക്ഷ്യം കാണാതെ പോകുന്നു. ക്രിസ്തുമതത്തിൽ മുഖ്യമായ രണ്ടു മതങ്ങളുണ്ട്: ഉപദേശങ്ങളുടെ മതവും അത്ഭുതങ്ങളുടെ മതവും. അനേകം ക്രിസ്ത്യാനികളും അത്ഭുതങ്ങളിൽ മുഴുകിയിരിക്കുന്നു. എന്നാൽ പുതിയനിയമത്തിന്റെ അടിസ്ഥാന വെളിപാട് ഒരു നിർണ്ണായക കാര്യത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു: അത് ക്രിസ്തു പിതാവുമായി ഒന്നാണ് എന്നതും; അവൻ നമ്മിലും നാം അവനിലും വസിക്കേണ്ടതിന് താൻതന്നെയായ ആത്മാവിനെ അവൻ അയയ്ക്കുന്നു എന്നതും; നാം അവന്റെ ആവിഷ്കാരമാകേണ്ടതിന് ക്രിസ്തു നമ്മുടെ ആത്മാവിൽ ജീവിക്കുകയും, നീങ്ങുകയും, പ്രവർത്തിക്കുകയും, നമ്മുടെ ആളത്തത്തെ രൂപാന്തരപ്പെടുത്തുകപോലും ചെയ്യുന്നു എന്നതുമാണ്. ഈ വിഷയം പുതിയനിയമത്തിൽ വീണ്ടും വീണ്ടും കാണാമെങ്കിലും ഇതിന് അനേകം ക്രിസ്ത്യാനികളും ശ്രദ്ധ നൽകുന്നില്ല.

അടിസ്ഥാനപരമായ ക്രിസ്തുമതം ഉപദേശത്തിന് ഊന്നൽ നൽകുന്നു, എന്നാൽ വേദപുസ്തകത്തിൽ കുറഞ്ഞത് രണ്ടു വാക്യങ്ങളെങ്കിലും, എബ്രായർ 8:11-ഉം 1 യോഹന്നാൻ 2:27-ഉം, നമ്മെ ആരും ഉപദേശിക്കേണ്ട ആവശ്യമില്ലെന്നു പറയുന്നു. നമ്മുടെ ഉള്ളിൽ ജീവന്റെ പ്രമാണം ഉള്ളതുകൊണ്ട് നമ്മെ ആരും ഉപദേശിക്കേണ്ട ആവശ്യമില്ലെന്ന് എബ്രായർ 8 വെളിപ്പെടുത്തുന്നു. നമ്മിൽ ഏറ്റവും ചെറിയവനെപ്പോലും ആരും ഉപദേശിക്കേണ്ട ആവശ്യമില്ല. അഭിഷേകം നമ്മിൽ വസിക്കുന്നതുകൊണ്ട് നമ്മെ ആരും ഉപദേശിക്കേണ്ട ആവശ്യമില്ലെന്ന് 1 യോഹന്നാൻ 2:27 പറയുന്നു. ജീവന്റെ പ്രമാണവും അഭിഷേകവും നമ്മുടെ ഉള്ളിൽ പ്രവർത്തിക്കുകയും നീങ്ങുകയും ചെയ്യുന്നതുകൊണ്ട്

മനുഷ്യന്റെ പുറമേയുള്ള ഉപദേശങ്ങൾ നമുക്കാവശ്യമില്ല. ചിലർ ഈ കാര്യത്തെ എതിർക്കുന്നുണ്ടാകാം, എന്നാൽ എബ്രായർ 8:10-ഉം 11-ഉം, 1 യോഹന്നാൻ 2:27-ഉം അവർ എവിടെ വയ്ക്കും? നാം വേദപുസ്തകത്തിന്റെ വ്യക്തവും നിർമലവുമായ വചനത്തെ എടുക്കണം.

പെന്തക്കോസ്തെന്നു വിളിക്കപ്പെടുന്ന ക്രിസ്തുമതത്തിൽ, വരങ്ങൾ ഉപയോഗിക്കുന്നതിന്, പ്രത്യേകിച്ചും അന്യഭാഷകളിൽ സംസാരിക്കുന്നതിന് ജനം ഊന്നൽ നൽകുന്നു. അന്യഭാഷ സംസാരിക്കാത്തതോ വരങ്ങളെന്നു വിളിക്കപ്പെടുന്നവയുടെ പ്രത്യക്ഷതയില്ലാത്തതോ ആയ യോഗത്തിലേക്ക് അവർ വരുന്നുവെങ്കിൽ, അവർ അസന്തുഷ്ടരാണ്. എന്നാൽ അന്യഭാഷകളിൽ സംസാരിക്കുന്നതിന് പുതിയനിയമത്തിൽ ചെറിയൊരു ശതമാനം വാക്യങ്ങൾ മാത്രമേ നീക്കിവച്ചിട്ടുള്ളൂ. ഉൾവസിക്കുന്ന ക്രിസ്തുവിനെക്കുറിച്ച് വളരെ വലിയൊരു ശതമാനം വാക്യങ്ങൾ സംസാരിക്കുന്നു. ഇവിടെ നാം സാത്താന്റെ കൗശലത്തെ കാണുന്നു. ഒരുവശത്ത്, അടിസ്ഥാനപരമായ ക്രിസ്തുമതം ഉപദേശങ്ങൾക്ക് ഊന്നൽ നൽകുന്നു; മറുവശത്ത്, പെന്തക്കോസ്തു ക്രിസ്തുമതം അന്യഭാഷകൾക്ക് ഊന്നൽ നൽകുന്നു. അന്യഭാഷകൾ വ്യാജമായിരിക്കുമ്പോൾപോലും അവർ അവയെ ആസ്വദിക്കുകയും, അവരുടെ പ്രവചനങ്ങൾ നിറവേറാതിരിക്കുമ്പോഴും അവർ അപ്പോഴും അവയോട് അത്യാസക്തരായിരിക്കുകയും ചെയ്യുന്നു. പന്ത്രണ്ടിലധികം വർഷങ്ങൾക്കുമുമ്പ്, ലോസ് ആഞ്ചലസ് സമുദ്രത്തിൽ വീണുപോകുമെന്ന് ചില ആളുകൾ പ്രവചിച്ചു. ആ പ്രവചനം നിറവേറിയില്ലെങ്കിലും, പെന്തക്കോസ്തുകാരായ അനേകംപേർ ഇപ്പോഴും അവരുടെ പ്രവചനങ്ങളോട് അത്യാസക്തരായിരിക്കുന്നു. ഞാൻ ഈ കാര്യങ്ങൾക്ക് എതിരല്ലെങ്കിലും, ദൈവമക്കൾക്കുവേണ്ടി ഒരു ഭാരം എനിക്കുണ്ട്.

## ക്രിസ്തുവിന്റെ അത്ഭുതകരമായ പ്രകൃതം

നമ്മുടെ ജീവനായിരിക്കുവാൻ ക്രിസ്തു നമ്മിലേക്കു വന്നപ്പോൾ, അവൻ തന്റെ പ്രകൃതത്തെ, തന്റെ അത്ഭുതകരമായ ആളത്തത്തിന്റെ പ്രകൃതത്തെ നമ്മിലേക്ക് കൊണ്ടുവന്നു. നാം വീണ്ടുംജനിക്കുന്നതിനുമുമ്പ് നമുക്ക് ഹീനവും ദുഷിച്ചതുമായ വീണുപോയ മനുഷ്യത്വത്തിന്റെ പ്രകൃതം മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ നാം വീണ്ടുംജനിച്ചപ്പോൾ ഉന്നതമായ പ്രകൃതം നമ്മുടെ ആളത്തത്തിലേക്ക് ചേർക്കപ്പെട്ടു. ഇപ്പോൾ നമ്മിൽ ക്രിസ്തു എന്ന വ്യക്തിയുടെ അതേ പ്രകൃതമുണ്ട്. ഈ അത്ഭുതകരമായ പ്രകൃതത്തിന്റെ ഒരു ദൃഷ്ടാന്തമായി ഒരു കുഞ്ഞിന്റെ ഉദാഹരണം നമുക്കെടുക്കാം. മധുരകരമായ എന്തെങ്കിലും ഒരു കുഞ്ഞിന്റെ

വായിലേക്കു വയ്ക്കുമ്പോൾ, അവൻ സ്വതേ അതിനെ വിഴുങ്ങും. എന്നാൽ കയ്പുള്ള എന്തെങ്കിലും അവന്റെ വായിലേക്കു വയ്ക്കുമ്പോൾ അവൻ അതു തുപ്പിക്കളയും. ഇതു ചെയ്യുവാൻ ആരാണ് അവനെ പഠിപ്പിക്കുന്നത്? ആരുമല്ല. ചെറിയ കുഞ്ഞ് ജീവനുള്ളവനായിരിക്കുന്നിടത്തോളം എന്താണ് മധുരമെന്നോ എന്താണ് കയ്പെന്നോ അവനെ പഠിപ്പിക്കുവാൻ ആരുടെയും ആവശ്യം അവനില്ല. മധുരവും കയ്പുമായ പദാർഥങ്ങളോടുള്ള കുഞ്ഞിന്റെ പ്രതികരണം അറിവിന്റെ കാര്യമല്ല; അത് പ്രകൃതത്തിലുള്ള രുചിയുടെ കാര്യമാണ്. ഒരു കുഞ്ഞിന് മനുഷ്യ പ്രകൃതമുണ്ട്, മനുഷ്യപ്രകൃതം കയ്പായ യാതൊന്നിന്റെ രുചിയും ഇഷ്ടപ്പെടുന്നില്ല. നമ്മുടെ പ്രകൃതത്തിന് അത് ഇഷ്ടപ്പെടുന്നതും ഇഷ്ടപ്പെടാത്തതും എന്താണെന്നത് അറിയാം. ഇതേ രീതിയിൽ, ആത്മിക കാര്യങ്ങളിൽ നാം എത്ര ശിശുക്കളായിരുന്നാലും, നാം ക്രിസ്തുവിലായിരിക്കുന്നിടത്തോളം നമുക്ക് സവിശേഷമായ ഒരു ജീവപ്രകൃതമുണ്ട്. നമ്മിലേക്കു വരുന്നതിലൂടെ അത്ഭുതകരമായ ഒരു ജീവപ്രകൃതത്തെ ക്രിസ്തു നമ്മുടെ ആളത്തത്തിലേക്കു കൊണ്ടുവന്നു. ഇത് കേവലം ദിവ്യപ്രകൃതമല്ല; ഇത് ഉയർത്തപ്പെട്ട മനുഷ്യപ്രകൃതത്തോടുകൂടിയ ദിവ്യപ്രകൃതമാണ്.

## ജീവപ്രകൃതത്തിന്റെ പ്രവർത്തനം ജീവപ്രമാണത്തിന്റെ പ്രവർത്തനമാകുന്നു

ഈ ജീവപ്രകൃതത്തിന്റെ, അഥവാ ജീവന്റെ പ്രകൃതത്തിന്റെ പ്രവർത്തനം, ജീവപ്രമാണത്തിന്റെ പ്രവർത്തനമാണ്. ഏതു ജീവനും ഒരു പ്രമാണമുണ്ട്. ഒരു ജീവന്റെ പ്രമാണം ആ ജീവന്റെ ജന്മനായുള്ള പ്രാപ്തിയാണ്. ഈ പ്രാപ്തി സഹജവും, നൈസർഗ്ഗികവും, സ്വയം പ്രവർത്തിക്കുന്നതും, സുസ്ഥിരവും, തൽക്ഷണമുള്ളതും ആണ്. ഇത് എപ്പോഴും പ്രവർത്തിക്കുന്നു. നിങ്ങൾ ജീവനുള്ള ഒരു വ്യക്തി യായിരിക്കുന്നിടത്തോളം, മനുഷ്യജീവന്റെ ജന്മനായുള്ള ഈ പ്രാപ്തി നിങ്ങളിലുണ്ട്. ഒരു കുഞ്ഞ് മരിക്കുന്നുവെങ്കിൽ അതിന് മധുരമോ കയ്പോ ആയ പദാർഥങ്ങളോട് ഇനിമേൽ ഒരു പ്രതികരണവും ഉണ്ടായിരിക്കുകയില്ല. എന്നാൽ ജീവനുള്ള ഒരു കുഞ്ഞിന് ജീവന്റെ ജന്മനായുള്ള പ്രാപ്തിയിൽനിന്നും വരുന്ന പ്രകൃതത്തിന്റെ രുചി ഉണ്ട്. നമ്മുടെ കർത്താവായ യേശുക്രിസ്തു നമ്മിലേക്കു വന്നപ്പോൾ അവന്റെ അത്ഭുതകരമായ പ്രകൃതത്തെ നമ്മുടെ ആളത്തത്തിലേക്ക് അവൻ കൊണ്ടുവന്നു. ഈ പ്രകൃതത്തിന്റെ വേലയും പ്രവർത്തനവും ജീവപ്രമാണത്തിന്റെ പ്രവർത്തനമാണ്. ഈ പ്രകൃതം സ്വതേ പ്രവർത്തിക്കുന്നു. അതിന്റെ പ്രവർത്തനം ഉപദേശത്തെ ആശ്രയിച്ചി രിക്കുന്നില്ല; അത് ജീവനെ ആശ്രയിച്ചിരിക്കുന്നു.

നാം രക്ഷിക്കപ്പെടുന്നതിനുമുമ്പ് നല്ലതല്ലാത്ത കാര്യങ്ങൾ, ചൂതാട്ടവും മദ്യപാനവും പുകവലിയും ഡാൻസും സിനിമയ്ക്കു

പോകുന്നതും പോലെയുള്ള കാര്യങ്ങൾ ചെയ്തിരുന്നു. എന്നാൽ നാം രക്ഷിക്കപ്പെട്ട ആ നിമിഷം മുതൽ ചില കാര്യങ്ങൾ ചെയ്യുന്നതിനോട് യോജിക്കാത്തതും നമ്മെ വിഷമിപ്പിക്കുന്നതുമായ ചിലത് നമ്മുടെ ഉള്ളിൽ നമുക്കുണ്ടായിരിക്കുന്നു. നിങ്ങൾ ഇപ്പോഴും ഡാൻസിനു പോകുന്നുണ്ടാകാം, എന്നാൽ നിങ്ങളുടെ ഉള്ളിൽ അതിനെക്കുറിച്ച് നല്ലതല്ലെന്നു തോന്നുന്ന ഒരു അഭിരുചിയുണ്ട്. നിങ്ങൾ രക്ഷിക്കപ്പെടുന്നതിനുമുമ്പ്, അഭിരുചി എപ്പോഴും നല്ലതായി തോന്നിയിരുന്നു, എന്നാൽ ഇപ്പോൾ അങ്ങനെയല്ല. നമുക്കെല്ലാവർക്കും ഇത്തരത്തിലുള്ള അനുഭവം ഉണ്ടായിട്ടുണ്ട്. ഈ അനുഭവം നിങ്ങൾക്കുണ്ടായിട്ടില്ലെങ്കിൽ, നിങ്ങൾ രക്ഷിക്കപ്പെട്ടിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. ഈ അനുഭവം ജീവപ്രകൃതത്തിന്റെ പ്രവർത്തനമാണ്, അത് നമ്മുടെ ആളത്തത്തിലേക്ക് പണിതുചേർക്കപ്പെട്ട ക്രിസ്തു തന്നെയാണ്. ഈ പ്രവർത്തനം കേവലം ജീവപ്രമാണം പ്രവർത്തിക്കുന്നതാണ്. ആരും നിങ്ങളെ പഠിപ്പിക്കേണ്ട ആവശ്യമില്ല. വാസ്തവത്തിൽ, ക്രിസ്തുവിന്റെ പ്രകൃതം നിങ്ങളിൽ പ്രവർത്തിക്കുന്നതുകൊണ്ട് അവൻ നിങ്ങളോടു സംസാരിക്കേണ്ട ആവശ്യംപോലുമില്ല. ഉദാഹരണത്തിന്, ഒരു അമ്മ തന്റെ കുഞ്ഞിന് അവളുടെ പ്രകൃതം നല്കിയിരിക്കുന്നതുകൊണ്ടും, ഈ പ്രകൃതം കുഞ്ഞിൽ പ്രവർത്തിക്കുന്നതുകൊണ്ടും കയ്പുരസമുള്ള ഒരു പദാർഥത്തോട് എങ്ങനെ പ്രതികരിക്കണമെന്ന് അവനെ പഠിപ്പിക്കേണ്ട ആവശ്യമില്ല. കുഞ്ഞിന്റെ മനുഷ്യപ്രകൃതം സ്വയം പ്രവർത്തിക്കുന്നു. ഈ പ്രവർത്തനം മനുഷ്യജീവന്റെ പ്രമാണം പ്രവർത്തിക്കുന്നതാണ്. അതുപോലെ, നമ്മുടെ ആളത്തത്തിലുള്ള ക്രിസ്തുവിന്റെ ജീവപ്രകൃതം ദിവ്യജീവന്റെ പ്രമാണത്തിന്റെ പ്രവർത്തനമാണ്. ഇത് ഉപദേശത്തിന്റെയോ അത്ഭുതങ്ങളുടെയോ കാര്യമല്ല.

## ഒരു വ്യക്തിയായിരിക്കുവാൻ ക്രിസ്തു നമ്മിലേക്കു വരുന്നു

ക്രിസ്തു നമ്മിലേക്കു വന്നപ്പോൾ, അവൻ തന്റെ പ്രകൃതം കൊണ്ടുവരിക മാത്രമല്ല ചെയ്തത്, അവൻ ഒരു വ്യക്തിയായും വന്നു. ഒരു വ്യക്തിയെക്കാൾ കൂടുതൽ നമ്മെ വിഷമിപ്പിക്കുന്ന മറ്റൊന്നുമില്ല. ഒറ്റയ്ക്കു ജീവിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. എന്നോടുകൂടെ കുറഞ്ഞത് രണ്ടോ മൂന്നോ പേർ ജീവിക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നു. എന്നാൽ മറ്റൊരു വ്യക്തി നിങ്ങളോടുകൂടെ ജീവിക്കുന്നത് ആയാസകരമാണ്. ക്രിസ്തു നമ്മിലേക്കു വന്നപ്പോൾ അവൻ ഒരു വ്യക്തിയായിരിക്കുവാൻ വന്നു. ഒരു വ്യക്തിയായി, നിങ്ങളെ എല്ലാ സമയങ്ങളിലും "അലട്ടുന്ന" ജീവനുള്ള ഒരുവനായി, ക്രിസ്തു നിങ്ങളിലുണ്ടെന്ന് നിങ്ങൾക്കറിയാമോ? തീർച്ചയായും അവന്റെ അലട്ടൽ ഏറ്റവും നല്ല അലട്ടലാണ്, കാരണം അത് വളരെ പ്രയോജനകരമാണ്. എന്നിരുന്നാലും, അത് ഒരു അലട്ടൽ

തന്നെയാണ്. നിങ്ങൾ രക്ഷിക്കപ്പെടുന്നതിനുമുമ്പ് നിങ്ങൾ ആഗ്രഹിക്കുന്നത് ചെയ്യാനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കുണ്ടായിരുന്നു. ഉദാഹരണത്തിന്, ഡാൻസിനു പോകാൻ നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നു. എന്നാൽ നിങ്ങൾ രക്ഷിക്കപ്പെട്ടതിനുശേഷം, പ്രത്യേകിച്ചും സഭാജീവിതത്തിലേക്ക് വന്നതിനുശേഷം, ക്രിസ്തു എന്ന ജീവിക്കുന്ന വ്യക്തിയാൽ നിങ്ങൾ വിഷമിക്കുവാൻ ആരംഭിച്ചു. ദിവസവും ഉള്ളിൽനിന്നും അവൻ നമ്മെ വിഷമിപ്പിക്കുന്നു.

Thu

## ക്രിസ്തു എന്ന വ്യക്തിയുടെ നീക്കം അഭിഷേകമാകുന്നു

ഈ വ്യക്തിയുടെ നീക്കത്തിന് വേദപുസ്തകം ഒരു സവിശേഷ പദപ്രയോഗം നിൽകുന്നു—അഭിഷേകം (1 യോഹ. 2:27). അഭിഷേകം എന്ന ഈ പദം മനസ്സിലാക്കുവാൻ പ്രയാസമാണ്. നമ്മിൽ വസിക്കുന്ന അഭിഷേകം ഒരു വ്യക്തിയുടെ, ക്രിസ്തു എന്ന വ്യക്തിയുടെ നീക്കമാണ്. ഈ അഭിഷേകം നമ്മെ ഉപദേശിക്കുന്നു. നമ്മുടെ എല്ലാവരുടെയും ഉള്ളിൽ, നമ്മുടെ ആഴത്തിൽ നമ്മെ ഉപദേശിക്കുന്ന അഭിഷേകം എന്നു വിളിക്കപ്പെടുന്ന ഒന്നുണ്ട്. അങ്ങനെ, നമ്മുടെ ഉള്ളിൽ നമുക്ക് ക്രിസ്തുവിന്റെ പ്രകൃതവും ക്രിസ്തു എന്ന വ്യക്തിയും ഉണ്ട്.

അഭിഷേകം നമ്മുടെ ഉള്ളിലുള്ള തൈലത്തിന്റെ നീക്കമാണ്. മുൻകുറിശാസ്ത്രത്തിൽ തൈലം ഒലിവെണ്ണയും ചില സുഗന്ധവ്യഞ്ജനങ്ങളും ചേരുന്നതാണ് (പുറ. 30:22-25). ഈ ചേരുവയിലെ മുഖ്യമായ മൂലകം എണ്ണയാണ്, അതിലേക്ക് കുറെ പദാർഥങ്ങൾ ചേർക്കുന്നു. കൂടാരത്തെയും, കൂടാരത്തിലെ ഉപകരണങ്ങളെയും, പുരോഹിതന്മാരെയും അഭിഷേകം ചെയ്യപ്പോൾ, തൈലത്തിന്റെ എല്ലാ ഘടകങ്ങളും അഭിഷേകം ചെയ്യപ്പെട്ട ആ വസ്തുവിന്റെയോ വ്യക്തിയുടെയോ മേലുണ്ടായിരുന്നു. മുൻകുറിശാസ്ത്രത്തിൽ ഈ തൈലം ക്രിസ്തുവാണ്. ഇന്ന് നമ്മുടെ ആത്മാവിൽ അധിവസിക്കുന്ന ക്രിസ്തുതന്നെയാണ് ദൈവാത്മാവും മറ്റു മൂലകങ്ങളും ചേരുന്ന തൈലം. ഈ തൈലമെന്ന നിലയിൽ, അവൻ ദിനംപ്രതി നമ്മിൽ നീങ്ങുകയും ജീവിക്കുകയും ചെയ്യുന്നു. തൈലത്തിന്റെ ഈ ആന്തരിക നീക്കം നമുക്ക് ജീവനുള്ള ഉപദേശം നൽകുന്നു. ഈ രീതിയിൽ ക്രിസ്തു നമ്മെ ഉപദേശിക്കുന്നു.

## അത്ഭുതവാനായവന്റെ സാധാരണ ജീവിതം

ക്രിസ്തു നമ്മിലേക്കു വന്നപ്പോൾ തന്റെ അത്ഭുതകരമായ പ്രകൃതത്തെ നമ്മിലേക്കു കൊണ്ടുവന്നു. ഈ പ്രകൃതത്തിന്റെ പ്രവർത്തനം ജീവപ്രമാണത്തിന്റെ പ്രവർത്തനമാണ്. ക്രിസ്തു നമ്മെ നിരന്തരം അഭിഷേകം ചെയ്യുന്ന നമ്മിലുള്ള തൈലവും ആണ്. ഈ അഭിഷേകം നമുക്ക് ആശ്വാസകരമായ, സാന്ത്വനിപ്പിക്കുന്ന

അനുഭൂതി നൽകുന്നു. കർത്താവായ യേശു ഉള്ളിൽനിന്നും നമ്മെ ഉപദേശിക്കുമ്പോഴെല്ലാം അവന്റെ ഉപദേശം ഈ ആശ്വാസകരമായ, സാന്ത്വനിപ്പിക്കുന്ന അനുഭൂതി നൽകുന്ന അവന്റെ അഭിഷേക ത്തിൽനിന്നുമാണ്. ക്രിസ്ത്യാനികളായ നമുക്കെല്ലാവർക്കും സ്വയം പ്രവർത്തിക്കുന്നതും, നൈസർഗ്ഗികവും, സ്ഥിരവും, തൽസമയത്തു ള്ളതുമായ ജീവപ്രമാണത്തിന്റെ, ക്രിസ്തുവിന്റെ അത്ഭുതകരമായ പ്രകൃതത്തിനനുസരിച്ചു പ്രവർത്തിക്കുന്ന പ്രമാണത്തിന്റെ പ്രവർത്തനവും, ക്രിസ്തു എന്ന വ്യക്തിക്കനുസൃതമായി നമ്മിൽ നീങ്ങുന്ന അഭിഷേകവും ഉണ്ട്.

ഷോപ്പിംഗിന്റെ ഉദാഹരണം നമുക്ക് വീണ്ടും ഉപയോഗിക്കാം. ഷോപ്പിംഗിനു പോകുന്നത് നരകത്തിലേക്കു പോകുന്നതു പോലെയാണ്. രണ്ടു വർഷത്തിലധികമായി ഷോപ്പിംഗിനു പോകാതിരുന്നിട്ട് ഈയിടെ ഒരു വിളക്കു വാങ്ങുവാൻ ഞാൻ പോയി. കടയിൽ വളരെ അലംക,തമായ വിളക്കുകൾ ഞാൻ കണ്ടു, എന്നാൽ എന്റെ അത്ഭുതകരമായ പ്രകൃതം അവയെ ഇഷ്ടപ്പെട്ടില്ല. ആ വിളക്കുകൾ എന്റെ അഭിരുചിക്ക് കൈപ്പായിരുന്നു. മറ്റു ചില വിളക്കുകൾ എന്റെ ആന്തരിക അഭിരുചിക്ക് വെളുത്തുള്ളി പോലെയായിരുന്നു, അവയെ എന്റെ ആന്തരികബോധത്തിന് സഹിക്കുവാൻ കഴിഞ്ഞില്ല. ചില സഹോദരിമാർ ഡിപ്പാർട്ട്മെന്റ് സ്റ്റോറിലായിരിക്കുമ്പോൾ നിരവധി തവണ അവരുടെ ആന്തരിക അഭിരുചി ഒരു പ്രത്യേക സാധനം വാങ്ങുന്നതിൽനിന്നും അവരെ തടുക്കുന്നു. ഈ അഭിരുചി അവരുടെ ഉള്ളിലുള്ള അത്ഭുതകരമായ പ്രകൃതത്തിൽനിന്നു വരുന്നു. അമ്പതു വർഷങ്ങൾക്കുമുമ്പ് ഒരു അലങ്കാര വിളക്കു വാങ്ങാൻ എനിക്കു കഴിയുമായിരുന്നു. എന്നാൽ ഇന്ന് ഞാൻ അതു ചെയ്യുന്നുവെങ്കിൽ, ജീവപ്രകൃതത്തിന്റെ പ്രവർത്തനം നിമിത്തം രാത്രി ഉറങ്ങുവാൻ എനിക്കു കഴിയുകയില്ല. നമുക്കെല്ലാവർക്കും ഈ പ്രകൃതം അതിന്റെ സ്വയംപ്രവർത്തി ക്കുന്ന പ്രവർത്തനത്തോടുകൂടെ ഉണ്ട്. ഈ പ്രവർത്തനത്തെ അടിച്ചമർത്തുവാൻ നിങ്ങൾ ശ്രമിക്കുന്നുവെങ്കിൽ, അത് അധികമായി പൊങ്ങിവരും, കാരണം അതിനെ അടിച്ചമർത്തു ന്തോറും ഉയരത്തിൽ അത് എഴുന്നേൽക്കുന്നു. നാമെല്ലാവരും ജീവപ്രമാണത്തിന്റെ ഈ പ്രവർത്തനം അനുഭവിച്ചിട്ടുള്ളവരാണ്.

നാം കണ്ടതുപോലെ, നമ്മുടെ ഉള്ളിൽ ഈ പ്രകൃതം മാത്രമല്ല ഉള്ളത്, ഒരു വ്യക്തിയും ഉണ്ട്. ഞാൻ ഇന്ന് ഷോപ്പിംഗിനു പോകണമോ എന്നത് പ്രകൃതത്തിന്റെ പ്രവർത്തനത്തിൽ ആശ്രയിച്ചല്ല ഇരിക്കുന്നത്; അത് അഭിഷേകത്തിന്റെ ഉപദേശത്തെ ആശ്രയിച്ചിരിക്കുന്നു. ഒരു ജീവനുള്ള വ്യക്തി നമ്മുടെ ഉള്ളിൽ സ്ഥിരമായി ജീവിക്കുകയും നീങ്ങുകയും ചെയ്യുന്നു. ഇങ്ങനെ ജീവിക്കുന്നതും നീങ്ങുന്നതുമാണ് അവന്റെ ഉപദേശം. നാം ഷോപ്പിംഗിനു പോകാൻ തുടങ്ങുന്നുവെങ്കിൽ,

നാം ഇപ്രകാരം പഞ്ഞുകൊണ്ട് കർത്താവിന് നമ്മെത്തന്നെ തുറക്കണം, "കർത്താവേ, ഞാൻ നിന്നോട് ഒന്നാണ്. നീ എന്നോടും ഒന്നാണെന്ന് ഞാൻ അറിയുന്നു. കർത്താവേ, ഈ രാവിലെ ഷോപ്പിംഗിനു പോകുവാൻ നീ ആഗ്രഹിക്കുന്നുവോ?" നാം ഇങ്ങനെ ചെയ്യുമ്പോൾ ഉള്ളിൽ നാം അഭിഷേകത്തെ അനുഭവമാക്കും. ഇതാണ് നമ്മുടെ ഉള്ളിൽ ജീവിക്കുന്നവന്റെ നീക്കം. ഈ പ്രിയങ്കരനായവൻ നമ്മിൽ പ്രവർത്തിക്കുമ്പോൾ, നാം ആശ്വസിപ്പിക്കലും സാന്ത്വനിപ്പിക്കലും അനുഭവമാക്കുന്നു. എത്ര സന്തോഷപ്രദമാണിത്! നാം ഷോപ്പിംഗിനു പോകുന്നുവോ ഇല്ലയോ എന്നത് അപ്രധാനമാണ്. പ്രാഥമികമായ കാര്യം നാം അവനിലേക്കു നോക്കുകയും അവനുമായി കൂട്ടായ്മ ആചരിക്കുകയും ചെയ്യുമ്പോൾ, നാം അവന്റെ അഭിഷേകത്തെ ആസ്വദിക്കുന്നു എന്നതാണ്. നാം അവന്റെ അഭിഷേകത്തിൻ കീഴിലായിരിക്കുമ്പോഴെല്ലാം എന്തു ചെയ്യണമെന്ന് നമുക്കറിയാം. അവൻ ആഗ്രഹിക്കാത്ത ഒരു പടി നാം എടുക്കുന്നുവെങ്കിൽ, അഭിഷേകം നിന്നുപോകുകയും, സാന്ത്വനിപ്പിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്ന അവബോധം കുറഞ്ഞുവരുകയും ചെയ്യും. ആ കാര്യം നാം ചെയ്യരുതെന്ന് ഇതിനാൽ അറിയുന്നു. അങ്ങനെയുള്ള സമയത്ത് നാം പറയണം, "കർത്താവേ, ഞാൻ നീയുമായി ഒന്നാണ്. നീ പോകാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ ഞാനും പോകുന്നില്ല." നാം ഇതു ചെയ്യുന്നുവെങ്കിൽ, അഭിഷേകവും അതിന്റെ ആശ്വസിപ്പിക്കുന്ന അവബോധവും തിരികെ വരും.

അഭിഷേകം ജീവിക്കുന്നതും നീങ്ങുന്നതുമാണ് ക്രിസ്തുവിന്റെ ആന്തരിക ഉപദേശം. എല്ലാ സമയത്തും നമ്മെ ഉപദേശിക്കുന്ന ജീവനുള്ള ഒരു വ്യക്തി നമ്മിലുണ്ട്. ചിലപ്പോൾ വിശുദ്ധന്മാരുമായുള്ള നമ്മുടെ കൂട്ടായ്മയിൽ ആന്തരിക അഭിഷേകം നിന്നുപോയെന്ന അനുഭൂതി നമുക്കുണ്ടാകാം. ഈ അനുഭൂതി നമുക്കുണ്ടാകുമ്പോൾ സംസാരിക്കുന്നത് നാം നിർത്തണം. ഒരു വാചകത്തിന്റെ പകുതി നിങ്ങൾ പറഞ്ഞിട്ടുണ്ടാകും, എന്നാൽ അഭിഷേകം നിന്നുപോയെന്ന് നിങ്ങൾ ഗ്രഹിക്കുമ്പോൾ ആ വാചകത്തിന്റെ ബാക്കി നിങ്ങൾ പറയരുത്. ആന്തരിക അഭിഷേകവുമായി ഒന്നായിരിക്കുക മാത്രം ചെയ്യുക. എന്നാൽ നിരവധി തവണ നാം അഭിഷേകത്തെ അനാദരിക്കുകയും, നാം ആഗ്രഹിക്കുന്നതൊക്കെയും ചെയ്യുകയും ചെയ്യുന്നു. "കർത്താവേ, എന്നോട് ദയവായി ക്ഷമിക്കുക, ഒരു തവണകൂടി മാത്രം ഇതു ഞാൻ ചെയ്യട്ടെ" എന്ന് ചെറുപ്പമായിരുന്നപ്പോൾ പല തവണ ഞാൻ കർത്താവിനോടു പറഞ്ഞു. പിന്നീട് ഞാൻ അവനോട് പറഞ്ഞു, "കർത്താവേ, ഒരിക്കൽക്കൂടെ മാത്രം ഇതു ഞാൻ ചെയ്യട്ടെ." അനേകം ചെറുപ്പക്കാർ ഇതേ കാര്യം ചെയ്തിട്ടുണ്ട്. ചില സഹോദരിമാർ പറഞ്ഞിട്ടുണ്ടാകും,

"കർത്താവേ, ഞാൻ ഷോപ്പിംഗിനു പോകണമെന്ന് നീ ആഗ്രഹിക്കുന്നില്ലെന്ന് എനിക്കറിയാം. എന്നാൽ ഈ ഒരു പ്രാവശ്യം എന്നെ അനുവദിക്കണമേ." നിങ്ങൾ ഇങ്ങനെ ചെയ്യുമ്പോഴെല്ലാം, നിങ്ങളെത്തന്നെ നിങ്ങൾ കൊല്ലുന്നു, നിങ്ങൾ വീണ്ടും ജീവനുള്ളവനാകുവാൻ നിരവധി നാളുകൾ എടുത്തേക്കും.

ഇവിടെ നാം പറയുന്നത് ഉപദേശത്തിന്റെയോ അത്ഭുതങ്ങളുടെയോ കാര്യമല്ല. ഇത് ഈ അത്ഭുതവാനായവന്റെ സാധാരണ ജീവിതമാണ്. ഞാൻ പൂർണമായും ജീവപ്രമാണത്തിനൊത്തവണ്ണം ജീവിക്കുകയും, അഭിഷേകത്തിനൊത്തവണ്ണം നീങ്ങുകയും പ്രവർത്തിക്കുകയും പെരുമാറുകയും ചെയ്യുന്നു. ആരും എന്നെ ഉപദേശിക്കേണ്ട ആവശ്യമില്ല. ക്രിസ്തുവിന്റെ ജീവന്റെ അത്ഭുതകരമായ പ്രകൃതവും ക്രിസ്തു എന്ന വ്യക്തിയുടെ അഭിഷേകവും ഒരു സാധാരണ ക്രിസ്തീയജീവിതം നയിക്കുവാൻ ഏറ്റവും പര്യാപ്തമാണ്. ഇവിടെ നമുക്ക് കൂട്ടായ്മ ഉണ്ടായിരിക്കുകയും, ഇവിടെ നാം ജീവനിൽ വളരുകയും ചെയ്യുന്നു. ഇവിടെ നമ്മുടെ ആളത്തത്തിന്റെ ഓരോ ഭാഗത്തേക്കും ഉൾവസിക്കുന്ന ക്രിസ്തുവിന്റെ വ്യാപനമുണ്ടായിരിക്കുകയും, ദൈവത്തിന്റെ രൂപാന്തരപ്രക്രിയയിലൂടെ നാം കടന്നുപോകുകയും ചെയ്യുന്നു. ഇവിടെ നമുക്ക് സഭാജീവിതവും യഥാർഥ കെട്ടുപണിയും ഉണ്ട്. ഇവിടെ കർത്താവിന്റെ മടങ്ങിവരവിനുവേണ്ടി നാം നമ്മെത്തന്നെ ഒരുക്കുകയും ചെയ്യുന്നു.